## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7596

15-7-2014-ൽ മറുപടിയ്ക്ക്

### 4540/വി.ഐ.പി/സി.എം./2014 നമ്പർ എൽ.എസ്.ജി.ഡി ഫയലിലെ നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.കെ.ലതിക: | | ശ്രീ. ഉമ്മൻചാണ്ടി : (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് 4540/വി.ഐ.പി/സി.എം/2014 നമ്പരായി എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | 4540/വിഐപി/സിഎം/2014 റഫറൻസോട് കൂടി ലഭ്യമായ ശ്രീമതി.കെ.കെ.ലതിക എം.എൽ.എ യുടെ കത്തിൽ കോഴിക്കോട് ജില്ലയിലെ മണിയൂർ, വില്യാപ്പിള്ളി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഐടിഐ കൾക്ക് മണിയൂർ, വില്യാപ്പിള്ളി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഭൂമി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. |
| (ബി) പ്രസ്തുത ഫയലിൽ മുഖ്യമന്ത്രി നൽകിയ നിർദ്ദേശ പ്രകാരം ആവശ്യമായ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | | ഇതിൽ വില്യാപ്പിള്ളി ഗ്രാമ പഞ്ചായത്ത് വക വില്യാപ്പിള്ളി വില്ലേജിലെ റിസ 56/7 ൽപ്പെട്ട 126.5 സെന്റ് സ്ഥലം വില്യാപ്പിള്ളി സർക്കാർ ഐടിഐ യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്ന വിഷയം 28721/ആർ.സി.4/2013/ത.സ്വ.ഭ.വ |

ഫയലിൽ പരിശോധിച്ചുവരുന്നുണ്ട്. പ്രസ്തുത ഫയൽ അഭിപ്രായത്തിനായി വ്യവസായ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. എന്നാൽ മണിയൂർ ഗ്രാമ പഞ്ചായത്ത് വക ഭൂമി സർക്കാർ ഐടിഐ യ്ക്ക് നല്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല

ബഹു.എം.എൽ.എ യുടെ കത്ത് ലഭിച്ചശേഷം മണിയൂർ ഗ്രാമ പഞ്ചായത്ത് വക ഭൂമി പ്രസ്തുത ആവശ്യത്തിന് വിട്ടുനല്കുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയും മണിയൂർ ഗ്രാമ പഞ്ചായത്ത് വക മണിയൂർ വില്ലേജിലെ റീസ 7/6 ൽപ്പെട്ട ഒരു ഏക്കർ 10 സെന്റ് സ്ഥലം മണിയൂർ ഐ.ടി.ഐ യ്ക്കുവേണ്ടി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ ലോക്കൽ ഗവ.കമ്മീഷനിലേക്ക് അയക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ